## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3554 12/12/2014 ൽ മറുപടിയ്ക്ക്

## തുടർ സാക്ഷരതാ പരിപാടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. എ ബേബി<br>" ടി. വി. രാജേഷ്<br>" സി. രവീന്ദ്രനാഥ്<br>" കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : | | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ തുടർ സാക്ഷരതാ പരിപാടിയുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; പ്രസ്തുത പരിപാടി എന്ന് ആരംഭിച്ചതാണ്; | (എ) | ഇല്ല. എന്നാൽ 1998 ൽ സംസ്ഥാന സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച തുടർ വിദ്യാഭ്യാസ പരിപാടി സംസ്ഥാന സാക്ഷരതാ മിഷൻ വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മേഖലയിൽ ജോലി ചെയ്യുന്ന പ്രേരക്മാരുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച് വിശദമാക്കാമോ: നിലവിലുള്ള സേവന വേതന വ്യവസ്ഥകൾ തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ; | (ബി) | ഉണ്ട്. പ്രേരക്മാർക്ക് നിലവിൽ നൽകിവരുന്ന ഓണറേറിയം അപര്യാപ്തമാണെന്ന് കണ്ടെതിനാൽ സർക്കാർ രണ്ട് ഘട്ടങ്ങളായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. |
| (സി) | പ്രേരക്മാരുടെ സേവന വേതന വ്യവസ്ഥകളിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കുമോ: | (സി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | പതിനാറു വർഷത്തിൽ കൂടുതലായി പ്രേരക് മാരായി പ്രവർത്തിക്കുന്നവരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

Sd/-

സെക്ഷൻ ഓഫീസർ